(ഡി) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഒഴികെയുള്ള വിഭാഗങ്ങളിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ മറ്റു വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെയും നിയമിച്ചുവരുന്നു.

മുല്ലപ്പള്ളി മോഹനൻ ആചാരിയുടെ മരണം

85 (3275) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പള്ളി മോഹനൻ ആചാരിയുടെ മരണം പോലീസ് മർദ്ദനം മൂലമാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണ് ;

(സി) കുറ്റക്കാരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് മോഹനന്റെ ഭാര്യയും ബന്ധുക്കളും വിശ്വകർമ്മ സമുദായാംഗങ്ങളും സെക്രട്ടറിയേറ്റ് പടിക്കൽ സമരം നടത്തിയിട്ടുണ്ടോ ;

(ഡി) കുറ്റക്കാരെ എത്രയും വേഗം കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിന് നടപടി എടുക്കുമോ ?

ഉത്തരം

(എ-ഡി) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി എന്ന സ്ഥലത്തുള്ള മോഹനൻ അചാരി എന്നയാൾ പോലീസ് കസ്റ്റഡിയിൽ വച്ച് മരണപ്പെട്ടിട്ടുണ്ട്. 29-6-1999 പകൽ 11 മണിയ്ക്ക് കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചേർത്തോട് ഭാഗത്തു വച്ച് അന്നമ്മ എന്ന സ്ത്രീയുടെ കഴുത്തിൽ കിടന്ന സ്വർണ്ണമാല പൊട്ടിച്ച് ഓടിയ മോഹനനെ നാട്ടുകാർ ഓടിച്ചു പിടിക്കുകയും കീഴ്വായ്പൂർ പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു. നാട്ടുകാരുടെ മർദ്ദനത്തെ തുടർന്നാണോ പോലീസിന്റെ മർദ്ദനത്തെ തുടർന്നാണോ ടിയാന് പരിക്ക് പറ്റിയത് എന്ന് സ്ഥിതീകരിച്ചിട്ടില്ല. ക്രൈം ബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി കേസന്വേഷണം നടത്തി വരികയാണ്.

പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയുടെ ഗേറ്റിൽ ഉണ്ടായ അപകടം

86 (3276) ശ്രീ. പി. ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതിയുടെ ഗേറ്റിൽ എന്തെങ്കിലും അപകടമുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച അറിയിപ്പ് പോലീസ് കൺട്രോൾ റൂമിൽ ലഭിച്ചതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly